**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **30-08-2022 - ൽ മറുപടിയ്ക്ക്**

**കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിലെ കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിക്കാട്ടൂർ വില്ലേജിലെ വെള്ളിപറമ്പ് ദേശത്ത് റി. സ 26/1ബി യിൽപ്പെട്ടതും പി.ഡബ്ല്യൂഡി യുടെ കൈവശത്തിലുള്ളതുമായ 47 സെന്റ് ഭൂമിയിൽ നിന്ന് 10 സെന്റ് ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിന് എതിർപ്പില്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. ടി സ്ഥലം റവന്യൂ വകുപ്പിലേക്ക് കൈമാറുന്നതിനുള്ള തുടർനടപടികൾ കോഴിക്കോട് ജില്ല കളക്ടർ സ്വീകരിച്ച് വരുന്നു. |
| (ബി) | കുറ്റിക്കാട്ടൂർ വില്ലേജ് പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം വിട്ടുനൽകുന്നതിന് പ്രസ്തുത വകുപ്പ് നിരാക്ഷേപ പത്രം നൽകിയിട്ടും ആയത് ഏറ്റെടുക്കുന്നതിൽ റവന്യൂ വകുപ്പ് കാലതാമസം വരുത്തുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ? | (ബി) | പ്രസ്തുത ഭൂമിയിൽ 8 കുടുംബങ്ങൾ കുടിയേറി താമസിക്കുന്നതിനാലാണ് ടി 10 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ